പുതിയ വർഷം, പുതിയ പ്രതീക്ഷകൾ

സി.പി. രാധാകൃഷ്ണൻ
ഉപരാഷ്ട്രപതി

ഏക ഭാരതം ശ്രേഷ്ഠ ഭാരതം എന്ന ആശയത്തിന്റെ ചൈതന്യം പ്രതിഫലിപ്പിക്കുന്ന ബൈശാഖി, റോംഗാലി ബിഹു, മഹാ ബിഷുബ പാന സംക്രാന്തി, പൊയില ബോയ്ശാഖ്, വിഷു, തമിഴ് പുത്താണ്ട് വേളകളിൽ ഇന്ത്യയിലും ലോകമെമ്പാടുമുള്ള എല്ലാവർക്കും പരമ്പരാഗത പുതുവത്സരാശംസകൾ നേരുന്നു. ഈ ശുഭകരമായ അവസരം എല്ലാവരുടെയും ജീവിതത്തിൽ സന്തോഷവും സമൃദ്ധിയും കൊണ്ടുവരട്ടെ.

ചിത്തിരൈ മാസം കൃഷിക്കുള്ള തയാറെടുപ്പുകൾ ആരംഭിക്കുന്ന കാലമാണ്. കർഷകർ ഭൂമിയെ ഫലഭൂയിഷ്ഠമാക്കാനുള്ള ജോലികൾ ആരംഭിക്കുന്ന സമയം. കഠിനാധ്വാനം പുരോഗതിയിലേക്ക് നയിക്കുമെന്ന് ഉറച്ചു വിശ്വസിച്ചിരുന്ന നമ്മുടെ പൂർവികർ, അധ്വാനത്തിന്റെ ശുഭാരംഭത്തെ ആഘോഷമാക്കി മാറ്റി. രാജ്യമെമ്പാടും, സമാനമായ ആഘോഷങ്ങൾ നമുക്ക് കാണാൻ കഴിയും, അവ ഇന്ത്യയുടെ ഐക്യത്തിന്റെയും സമാന സംസ്കാരത്തിന്റെയും ഉദാഹരണങ്ങളായി നിലകൊള്ളുന്നു.

ഉത്തരേന്ത്യയിൽ, പ്രത്യേകിച്ച് പഞ്ചാബിൽ, ജനങ്ങൾ വിളവെടുപ്പ് ഉത്സവമായി ബൈശാഖി ആഘോഷിക്കുന്നു. ദക്ഷിണേന്ത്യയിൽ, കേരളം വിഷു ആഘോഷിക്കുന്നു, വിഷു ദിനത്തിൽ അതിരാവിലെ ശുഭകരമായ വസ്തുക്കൾ കണി കാണുന്നത് കേരളീയരുടെ ഒരു പ്രധാന ആചാരമാണ്. ആസാമിലെ ജനങ്ങൾ ബിഹു ആഘോഷിക്കുന്നു, പശ്ചിമ ബംഗാളിൽ പൊയ്ല ബോയ്ഷാഖ് ആവേശപൂർവം കൊണ്ടാടുന്നു.

മണിപ്പൂർ, ത്രിപുര, ഒഡീഷ, ബിഹാർ, ഉത്തർപ്രദേശ്, ഹിമാചൽ പ്രദേശ്, ഹരിയാന, രാജസ്ഥാൻ എന്നിവിടങ്ങളിലെ ജനങ്ങളും ഈ സവിശേഷ കാലഘട്ടത്തെ വൈവിധ്യമാർന്ന പരമ്പരാഗത രീതികളിൽ പുതുവത്സരമായി ആഘോഷിക്കുന്നു. ഉത്തരാഖണ്ഡിലെ ഹരിദ്വാറിൽ, രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള ഭക്തർ ഗംഗാ നദിയിൽ പുണ്യസ്നാനം നിർവഹിക്കാൻ ഒത്തുകൂടുന്നു, ഇത് ഈ ശുഭവേളയുടെ പവിത്രത വിളിച്ചോതുന്നു.

തെലുങ്ക് സംസാരിക്കുന്ന ജനങ്ങൾ അവരുടെ പുതുവത്സരമായ ഉഗാദി അടുത്തിടെ ആഘോഷിക്കുകയുണ്ടായി, മറാത്തി, കൊങ്കണി സമൂഹങ്ങൾ അവരുടെ പുതുവത്സരം ഗുഡി പദ്‌വയായി ആഘോഷിക്കുന്നു.

നാമെല്ലാം ഒരു പുരാതന സംസ്കാരത്തിന്റെ അവിഭാജ്യഘടകങ്ങളാണെന്ന് നമ്മുടെ പൂർവികരുടെ ശാസ്ത്ര ജ്ഞാനം തെളിയിക്കുന്നു. പ്രപഞ്ചത്തെക്കുറിച്ചുള്ള അവരുടെ ആഴമേറിയതും കൃത്യവുമായ ധാരണ നാം ഇന്നും ആചരിച്ചുവരുന്ന പുതുവത്സരാഘോഷങ്ങളിൽ പ്രതിഫലിക്കുന്നു.

പഞ്ചാംഗത്തിൽ അഞ്ച് ഘടകങ്ങൾ അടങ്ങിയിരിക്കുന്നു: ആഴ്ചയിലെ ദിവസം, ചാന്ദ്ര ദിനം (തിഥി), കരണം, നക്ഷത്രം, യോഗ. ഇവയെ അടിസ്ഥാനമാക്കി, മഴ, കൃഷി, വർഷത്തിലെ മറ്റ് വശങ്ങൾ എന്നിവയെക്കുറിച്ചുള്ള പ്രവചനങ്ങൾ നടത്തുന്നു.

നമ്മുടെ പൂർവികർ സമയം കണക്കാക്കാൻ സൗര, ചാന്ദ്ര സംവിധാനങ്ങൾ ഉപയോഗിച്ചിരുന്നു. ആധുനിക ശാസ്ത്രം നൂതന ഉപകരണങ്ങൾ ഉപയോഗിച്ച് ഗ്രഹണം കണക്കാക്കുമ്പോൾ, മുൻകാലങ്ങളിലും അത്തരം പ്രതിഭാസങ്ങൾ പഠിക്കുകയും കൃത്യമായി പ്രവചിക്കുകയും ചെയ്തിരുന്നു.

പൂർവികർ കൈമാറിയ ജ്ഞാനം നമ്മുടെ പൈതൃകമാണ്. നാം അത് സംരക്ഷിക്കുകയും ഭാവി തലമുറകൾക്ക് കൈമാറുകയും വേണം. ക്ഷേത്രങ്ങളിൽ പഞ്ചാംഗം വായിക്കുന്നത് ഈ പാരമ്പര്യത്തെ ആദരിക്കാനുള്ള ഒരു മാർഗമാണ്.

പ്രകൃതിയുടെ സമൃദ്ധിയോടുള്ള നമ്മുടെ പൂർവികരുടെ ബഹുമാനത്തെ പുതുവത്സരത്തിന്റെ മറ്റൊരു മഹനീയ വശം പ്രതിഫലിപ്പിക്കുന്നു. വീടുകളിൽ, പഴങ്ങളും പൂക്കളും പോലുള്ള ശുഭകരമായ വസ്തുക്കൾ ഒരുക്കുകയും രാവിലെ കണി കാണുകയും ചെയ്യുന്നു.

വസന്തകാലം പ്രകൃതി സ്വയം നവീകരിക്കുന്ന കാലഘട്ടമാണ് - മരങ്ങളും ചെടികളും അവയുടെ ഹരിതാഭ വീണ്ടെടുക്കുന്നു, പൂക്കൾ വിരിയുന്നു, പഴങ്ങൾ വിളയുന്നു. പ്രകൃതിയുമായി ഇണങ്ങി ജീവിച്ച തമിഴർ, 'കണി കനൽ' എന്ന ആചാരത്തിലൂടെ ഈ സമൃദ്ധിക്ക് സാക്ഷ്യം വഹിച്ചുകൊണ്ടാണ് വർഷം ആരംഭിക്കുന്നത്.

അതുപോലെ, ഈ ദിവസം തയാറാക്കുന്ന പരമ്പരാഗത വിഭവത്തിൽ കയ്പ്പ് ഉൾപ്പെടെയുള്ള എല്ലാ രുചികളും ഉൾപ്പെടുന്നു. സന്തോഷവും ദുഃഖവും അടക്കമുള്ള എല്ലാ അനുഭവങ്ങളെയും ഉൾക്കൊള്ളുന്നതാണ് ജീവിതമെന്നും, എല്ലാത്തിനെയും സന്തുലിതമായി സ്വീകരിക്കണമെന്നും ഇത് നമ്മെ പഠിപ്പിക്കുന്നു.

രാജ്യത്തുടനീളമുള്ള ഈ ആഘോഷങ്ങളിലും, ഇന്ത്യൻ സമൂഹങ്ങൾ സ്ഥിരതാമസമാക്കിയ ലോകമെമ്പാടുമുള്ള പ്രദേശങ്ങളിലും ഈ പൊതുബോധം നിലനിൽക്കുന്നു. ഈ ആഘോഷങ്ങൾ നമ്മുടെ സാംസ്കാരികത്തനിമയെയും വൈവിധ്യത്തെയും ഓർമിപ്പിക്കുന്നതോടൊപ്പം രാഷ്ട്രത്തിന്റെ അടിസ്ഥാന ഐക്യത്തെ ഉയർത്തിക്കാട്ടുന്നു. എക്കാലവും ഐക്യത്തോടെ ഒരുമിച്ച് ജീവിക്കാൻ കഴിയുമെന്ന നമ്മുടെ പ്രതീക്ഷകളെ ഊട്ടിയുറപ്പിക്കുന്നു.

നമ്മുടെ പൂർവികർ തെളിച്ച പാത പിന്തുടർന്ന്, ഭാവാത്മക ചിന്തയോടെയും വിശ്വാസത്തോടെയും സമർപ്പണത്തോടെയും പുതുവത്സരം ആഘോഷിക്കാൻ ഞാൻ യുവജനങ്ങളോട് അഭ്യർഥിക്കുന്നു. രാഷ്ട്ര പുരോഗതിക്ക് സംഭാവന നൽകാനുള്ള ദൃഢനിശ്ചയത്തോടെ നമുക്ക് നമ്മുടെ ഉദ്യമങ്ങൾ ആരംഭിക്കാം. നമ്മുടെ ഭാരതം സാംസ്കാരിക ധാർമികതയിൽ ഒന്നായി നിലകൊള്ളുന്നു, ഒന്നായി തന്നെ തുടരുകയും ചെയ്യും. മുതിർന്നവരുടെ മാർഗദർശനത്താൽ, ഏക ഭാരതം കെട്ടിപ്പടുക്കാൻ ആവേശപൂർവം മുന്നേറുന്ന യുവതലമുറയ്ക്ക്, 2047 ആകുമ്പോഴേക്കും ശ്രേഷ്ഠ ഭാരതവും വികസിത ഭാരതവും യാഥാർഥ്യമാക്കുന്നതിൽ വിജയം വരിക്കാൻ കഴിയുമാറാകട്ടെ.

റെയിൽ വൺ ആപ്പിലെ സുരക്ഷാ വീഴ്ച

ടിക്കറ്റില്ലാ യാത്രികരുടെ എണ്ണം വർധിച്ചു

പരവൂർ: സേവനങ്ങൾ ഏകീകരിക്കുന്നതിനായി റെയിൽവേ പുറത്തിറക്കിയ റെയിൽ വൺ ആപ്പിലെ തകരാർ അധികൃതർക്ക് വൻ തിരിച്ചടിയായി. ആപ്പിലെ ജിയോ-ഫെൻസിംഗ് സംവിധാനത്തിലുണ്ടായ പാളിച്ച റെയിൽവേയ്ക്ക് വൻ തലവേദനയായി മാറിയിട്ടുണ്ട്.

സ്റ്റേഷൻ പരിസരത്തിന് പുറത്തുനിന്നു മാത്രം ടിക്കറ്റ് ബുക്ക് ചെയ്യാനാവുവെന്ന സാങ്കേതിക സുരക്ഷാ കവചം തകർന്നതോടെ, ട്രെയിനിനുള്ളിൽ ഇരുന്നുപോലും ടിക്കറ്റ് എടുക്കാമെന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഇത് ദുരുപയോഗം ചെയ്ത് ടിക്കറ്റില്ലാതെ ട്രെയിനിൽ കയറുന്നവരുടെ എണ്ണം വർധിക്കുന്നത് റെയിൽവേയ്ക്ക് വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കുന്നു.

സാധാരണയായി യുടിഎസ് ആപ്പിലും പുതിയ റെയിൽ വൺ ആപ്പിലും ട്രെയിനിനുള്ളിൽ വച്ച് ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കില്ല. ട്രാക്കിൽ നിന്നും പ്ലാറ്റ്ഫോമിൽ നിന്നും നിശ്ചിത ദൂരപരിധിക്ക് പുറത്തുനിന്നാൽ മാത്രമേ ടിക്കറ്റ് ബുക്കിംഗ് അനുവദിക്കൂ. എന്നാൽ ആപ്പിലെ തകരാർ കാരണം ഓടുന്ന ട്രെയിനിലിരുന്നും ഇപ്പോൾ അൺറിസർവ്ഡ് ടിക്കറ്റുകൾ ബുക്ക് ചെയ്യാം. ടിക്കറ്റില്ലാതെ ട്രെയിനിൽ കയറുന്നവർ ടിടിഇ വരുന്നത് കണ്ടാൽ മാത്രം ആപ്പ് വഴി ടിക്കറ്റ് എടുക്കുന്ന രീതിയാണ് ഇപ്പോൾ പിന്തുടരുന്നത്. ഇത് ടിക്കറ്റ് പരിശോധനാ ഉദ്യോഗസ്ഥരെയും കുഴപ്പിക്കുന്നുണ്ട്.

മാർച്ച് ആദ്യം മുതൽ ഈ സാങ്കേതിക പ്രശ്നം ശ്രദ്ധയിൽപ്പെട്ടതായാണ് റിപ്പോർട്ടുകൾ. മുംബൈ സബർബൻ റെയിൽ ശൃംഖലയിലാണ് ഇത് ഏറ്റവും അധികം പ്രതിഫലിക്കുന്നത്. എസി ലോക്കൽ ട്രെയിനുകളിൽ പരിശോധന നടത്തുമ്പോൾ യാത്രയ്ക്കിടയിൽ ടിക്കറ്റ് എടുത്ത നിരവധി പേരെ ഉദ്യോഗസ്ഥർ പിടികൂടി. സെന്റർ ഫോർ റെയിൽവേ ഇൻഫർമേഷൻ സിസ്റ്റംസ് (ക്രിസ്) വികസിപ്പിച്ച ഈ ആപ്പ് ഐആർസിടിസി, യുടിഎസ് എന്നീ ആപ്പുകൾക്ക് പകരമായാണ് റെയിൽവേ അവതരിപ്പിച്ചത്.

റിസർവ്ഡ്, അൺറിസർവ്ഡ് ടിക്കറ്റുകൾക്ക് പുറമെ പ്ലാറ്റ്ഫോം ടിക്കറ്റ്, സീസൺ ടിക്കറ്റ്, ട്രെയിൻ ട്രാക്കിംഗ്, ഭക്ഷണം തുടങ്ങിയ സകല സേവനങ്ങളും ഒരിടത്ത് ലഭ്യമാക്കുന്ന വിപ്ലവകരമായ മാറ്റമായിരുന്നു റെയിൽ വൺ.

എന്നാൽ സുരക്ഷാ സംവിധാനത്തിലെ ഈ തകരാർ പരിഹരിച്ചില്ലെങ്കിൽ വരും ദിവസങ്ങളിൽ ടിക്കറ്റില്ലാത്ത യാത്രക്കാരുടെ എണ്ണം ഇനിയും വർധിക്കുമെന്നാണ് ആശങ്ക. സെൻട്രൽ റെയിൽവേയിലെ പല സ്റ്റേഷനുകളിലും ഇത് സംബന്ധിച്ച് കർശന പരിശോധനയ്ക്ക് റെയിൽവേ നിർദേശം നൽകിയിട്ടുണ്ട്. സാങ്കേതിക പിഴവ് അടിയന്തരമായി പരിഹരിക്കാനുള്ള ശ്രമത്തിലാണ് ഐടി വിഭാഗം.

സോളാർ എനർജി രംഗത്തെ മുൻനിരക്കാരായ മൂപ്പൻ സോളാറിന്റെ പുതിയ ബ്രാൻഡ് അംബാസഡറായി ചലച്ചിത്ര താരം അനൂപ് മേനോനെ അവതരിപ്പിക്കുന്ന ചടങ്ങിൽ സിഇഒ മുഹമ്മദ് ഫയാസ്, ബാലതാരം ദേവനന്ദ എന്നിവർ.

അനൂപ് മേനോൻ മൂപ്പൻസ് സോളാർ ബ്രാൻഡ് അംബാസഡർ

കൊച്ചി: കേരളത്തിലെ സൗരോർജ രംഗത്ത് 14 വർഷത്തെ പരിചയസമ്പത്തുമായി കുതിക്കുന്ന മൂപ്പൻസ് സോളാറിന്റെ ബ്രാൻഡ് അംബാസഡറായി നടനും സംവിധായകനുമായ അനൂപ് മേനോനെ നിയമിച്ചു. വളർച്ചയുടെ പുതിയ ഘട്ടത്തിലേക്ക് കടക്കുന്നതിന്റെ ഭാഗമായി വിപുലവും അത്യാധുനികവുമായ പുതിയ ഓഫീസ് സമുച്ചയത്തിന്റെ ഉദ്ഘാടനം ഉടൻ നടത്തുമെന്നും അധികൃതർ അറിയിച്ചു. പ്രശസ്ത സംവിധായകൻ ശങ്കർ രാമകൃഷ്ണൻ സംവിധാനം ചെയ്ത് അനൂപ് മേനോൻ, ബാലതാരം ദേവനന്ദ എന്നിവർ അഭിനയിക്കുന്ന പുതിയ പരസ്യചിത്രത്തിന്റെ ലോഞ്ചും നടന്നു.

പോലീസ് സ്റ്റേഷൻ വളപ്പിൽ യുവാവ് തീ കൊളുത്തി ജീവനൊടുക്കി

പുനലൂർ: കുടുംബ പ്രശ്നങ്ങളെത്തുടർന്നു പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിച്ചയാൾ തീ കൊളുത്തി ജീവനൊടുക്കി. ഇന്നലെ രാത്രി തിരുവനന്തപുരം മെഡിക്കൽ കോളജാശുപത്രിയിലായിരുന്നു മരണം. പിറവന്തൂർ കുരിയോട്ടുമല ആദിവാസി ഉന്നതിയിലെ സുരേഷ് (36) ആണ് ആത്മഹത്യ ചെയ്തത്.

ഇന്നലെ രാവിലെ 10.30 ഓടെ പുനലൂർ സ്റ്റേഷനു മുന്നിലായിരുന്നു യുവാവ് തീകൊളുത്തിയത്. ഗുരുതരമായി പൊള്ളലേറ്റ യുവാവിനെ മെഡിക്കൽകോളജിൽ പ്രവേശിപ്പിച്ചിരുന്നു. മൂന്നു ദിവസം മുമ്പ് ഉണ്ടായ കുടുംബ പ്രശ്നത്തെ തുടർന്ന് ഭാര്യ ചെല്ലമ്മ (24)നൽകിയ പരാതിയിലാണ് പോലീസ് ഇരുവരെയും ഇന്നലെ രാവിലെ സ്റ്റേഷനിലേക്ക് വിളിപ്പിച്ചത്.

ഇയാൾ സ്റ്റേഷനിൽ എത്തുമ്പോൾ ഭാര്യ ഇവിടെയുണ്ടായിരുന്നു. ഈ സമയം സ്റ്റേഷനിലേക്കുള്ള വഴിയിൽ വച്ച് ഇയാൾ കൈയിൽ കരുതിയിരുന്ന മണ്ണെണ്ണ ദേഹത്ത് ഒഴിച്ച് തീ കൊളുത്തിയശേഷം സ്റ്റേഷനിലേക്ക് ഓടിക്കയറി. തീ ആളിപ്പടരുന്നതു കണ്ട് ആളുകൾ ബഹളം ഉണ്ടാക്കിയതോടെ സ്റ്റേഷനിലുണ്ടായിരുന്ന പോലീസുകാർ വെള്ളം ഒഴിച്ച് തീ അണയ്ക്കാൻ ശ്രമിച്ചു. ഇതിനകം കുഴഞ്ഞുവീണ സുരേഷിനെ പോലീസുകാർ ഉടൻതന്നെ പുനലൂർ താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പൊള്ളൽ ഗുരുതരമായതിനാൽ പ്രാഥമിക ചികിത്സയ്ക്കുശേഷം മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ച് തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിക്കുകയായിരുന്നു.

ഭാര്യയെയും മക്കളെയും നിരന്തരം ഉപദ്രവിക്കുന്ന ഇയാൾക്കെതിരേ മുമ്പും ഭാര്യയുടെ പരാതി ഉണ്ടിയിട്ടുണ്ടെന്നാണ് പോലീസ് പറയുന്നത്.

ഡോക്ടറുടെ കാർ കത്തിച്ച മുൻ ജീവനക്കാരൻ പൊള്ളലേറ്റു മരിച്ചു

ഗാന്ധിനഗർ: കോട്ടയം മെഡിക്കൽ കോളജ് മുൻ പ്രിൻസിപ്പൽ ഡോ. വി.ആർ. ജയകുമാറിന്റെ കാർ പെട്രോൾ ഒഴിച്ചു കത്തിക്കുന്നതിനിടെ പൊള്ളലേറ്റ് മുൻ ജീവനക്കാരൻ മരിച്ചു. കിളിരൂർ ആമ്പക്കുഴിയിൽ ചെല്ലപ്പൻ (88) ആണ് മരിച്ചത്.

ഇന്നലെ രാവിലെ 7.30 ഓടെയായിരുന്നു സംഭവം. മെഡിക്കൽ കോളജിന് സമീപം ഗാന്ധിനഗർ പെട്രോൾ പമ്പിന് എതിർവശത്തുള്ള അഞ്ചേരി ഗാർഡൻസിൽ ഡോ.വി.ആർ. ജയകുമാറിന്റെ വീട്ടുമുറ്റത്ത് പാർക്ക് ചെയ്തിരുന്ന കാറാണ് ചെല്ലപ്പൻ കത്തിച്ചത്. തീയിടുന്നതിനിടെ ഇയാൾക്കു പൊള്ളലേറ്റു. തീയുടെ ചൂട് കൊണ്ട് വീടിന്റെ മുൻഭാഗത്തെ ജനൽ ചില്ലുകളും തകർന്നു. തീയും പുകയും കണ്ട് വീട്ടുകാർ വിവരം ഗാന്ധിനഗർ പോലീസിലും അഗ്നിശമനസേനയെയും അറിയിച്ചു. ഇവർ എത്തി തീ അണയ്ക്കുമ്പോഴാണ് സമീപത്ത് പൊള്ളലേറ്റ നിലയിൽ ചെല്ലപ്പനെ കണ്ടത്. 95 ശതമാനം പൊള്ളലേറ്റ ഇയാളെ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ചികിത്സയിൽ കഴിയുന്നതിനിടെ വൈകുന്നേരത്തോടെ മരിക്കുകയായിരുന്നു. ഡോക്ടറുടെ വീട്ടുജോലി ചെയ്തിരുന്ന ചെല്ലപ്പനെ ഒരു മാസം മുമ്പ് പിരിച്ചുവിട്ടിരുന്നു. മാനസിക വെല്ലുവിളിനേരിടുന്നയാളാണെന്ന് ബന്ധുക്കൾ പോലീസിന് മൊഴി നൽകി.

ഭാര്യ: രമ. മക്കൾ: മോളി, ഷാജി. മരുമകൻ: വിജയൻ. സംസ്കാരം ഇന്ന് വൈകുന്നേരം മൂന്നിന് ചെങ്ങളം എസ്എൻഡിപി ശ്മശാനത്തിൽ.

ദീപിക
ക്ലാസിഫൈഡ്സ്
for Online Classified Advertisments
visit.. www.deepikaclassifieds.com

അനുഗ്രഹസ്മരണ

വി. യൂദാശ്ലീഹായുടെ നൊവേന
മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങെ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ. (ഈ പ്രാർത്ഥന ദിവസം 9 പ്രാവശ്യം ചൊല്ലുക. 8 ദിവസം തുടർച്ചയായി ചൊല്ലിയാൽ ഏതു കാര്യവും സാധിക്കും. 10 ദിവസം തുടർച്ചയായി ചൊല്ലിയാൽ അത് ഒരുനാളും സഫലമാകാതിരിക്കില്ല.
രൻജിൻ തോമസ്
ഇളംദേശം
K2604-590434

അനുഗ്രഹസ്മരണ

മേരിക്കുട്ടി ചാക്കോ
അഞ്ചമ്പിൽ
K2604-590433

അനുഗ്രഹസ്മരണ

ഒരു വിശ്വാസി
ചക്കുപള്ളം
K2604-590432

അനുഗ്രഹസ്മരണ

ഷിബു ജോർജ്
കളരിത്തറ
K2604-590426

അനുഗ്രഹസ്മരണ

സിൽവി ജോസഫ്
K2604-590435

അനുഗ്രഹസ്മരണ

ജോസഫൈൻ പൗലോസ്
K2604-590435

സ്വർണ്ണം

പണയസ്വർണ്ണം എടുത്ത് ഉയർന്ന വിലയിൽ വിൽക്കുവാൻ സഹായിക്കുന്നു
നിങ്ങളുടെ പഴയ സ്വർണം വിൽക്കുമ്പോൾ ഏറ്റവും ഉയർന്ന വില നൽകുന്നു
വിദേശപഠനം/ജോലി എന്നീ ആവശ്യങ്ങൾക്കായി സ്വർണം വിൽക്കുമ്പോൾ ബ്രാൻഡഡ് ട്രോളി ബാഗ് ഗിഫ്റ്റ് നല്കുന്നു
മധ്യകേരളത്തിൽ 30 ഷോറൂമുകൾ
21 വർഷത്തെ മികച്ച സേവന പാരമ്പര്യം
അച്ചായൻസ് ഗോൾഡ് 916
പാലാ, കോട്ടയം, ചിങ്ങവനം, കടുത്തുരുത്തി, ചേർത്തല, ഉഴവൂർ
90 72 388 172
90 72 388 173
98 47 113 429
K2512-581630

സെപ്റ്റിക് ടാങ്ക്

മാതാ സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്
7356036003
ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും രാത്രിയും പകലും വൃത്തിയാക്കുന്നു.
T2603-588058

മരിയ സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്
7994114456
മണമില്ലാതെ, ബ്ലോക്ക് മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വൃത്തിയാക്കുന്നു.
T2604-590006

ബി കോം, ബിസി എ, ബിബിഎ (ഓണേഴ്സ്) ബാച്ചുകളിലേക്കുള്ള അഡ്മിഷൻ തുടരുന്നു
എം ജി യൂണിവേഴ്സിറ്റി കോട്ടയം അഫിലിയേറ്റഡും, എ ഐ സി ടി ഇ അപ്രൂഡും ആയ കേരള ഗവൺമെന്റിന്റെയും അംഗീകാരമുള്ള, സെമി എയ്ഡഡ് കോളേജ് ആയ എറണാകുളം, അങ്കമാലി സെന്റ് ആൻസ് കോളേജിലെ ഡിഗ്രി ക്ലാസുകളിലേക്ക് 50% വരെ സ്കോളർഷിപ്പോടെ ഇപ്പോൾ അഡ്മിഷൻ നേടാം.
Direct Admission
Ph: 9495168534, 8593941245 8089072281
E2604-590440

ഹോം നേഴ്സിംഗ്

ഹോം നേഴ്സിംഗ്
രോഗീപരിചരണത്തിൽ പരിചയമുള്ളവരും, പ്രസവശുശ്രൂഷ, വീട്ടുജോലി (സ്ത്രീ/പു.) എന്നീ ജോലികൾക്കും ജോലിക്കാർക്കും. അഡ്വാൻസ് ശമ്പളം അടയ്ക്കാതെ സർവീസ് ലഭിക്കുന്നതിന്.
വെസ്റ്റേൺ, മുട്ടം, തൊടുപുഴ
ഫോൺ: 9446813356
9388810095
K2604-590009

ഉപരിപഠനം

മെഡിക്കൽ കോഴ്സുകളിലേക്ക് അഡ്മിഷൻ തുടരുന്നു
Nursing:
M.Sc, B.Sc, Post B.Sc, GNM
Physiotherapy: BPT, MPT.
Allied Health Science:
Diploma in Paramedical Course.
സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ കേരളത്തിന്റെ പുറത്ത് നടത്തുന്ന ക്രിസ്ത്യൻ കോളേജിലേക്ക് അഡ്മിഷൻ തുടരുന്നു.
Contact:
Ph: 6361340739
Bangalore
K2604-590224

നേഴ്സിംഗ് കോഴ്സുകളിലേക്ക് അഡ്മിഷൻ തുടരുന്നു
B.Sc. നേഴ്സിംഗ്, ജനറൽ നേഴ്സിംഗ്
ബനഡിക്ടൻ ഫാദേഴ്സ് നടത്തുന്ന ബാംഗളൂർ സെന്റ് ബനഡിക്ട് കോളേജിലേക്ക് ഡയറക്ട് അഡ്മിഷൻ. ഏതാനും സീറ്റുകൾ കൂടി മാത്രം. പെൺകുട്ടികൾക്ക് സുരക്ഷിതമായ കാമ്പസും ഹോസ്റ്റലും
Direct Admission
Contact:
8289967012
K2604-590225

അഭയ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ്
അഭയ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ (NABH)
AFFILIATED TO RGUHS, INC, KNC, KSDNEB AND KARNATAKA STATE PARAMEDICAL BOARD RECOGNIZED BY GOVT. OF KARNATAKA
നേഴ്സിംഗ്, അലൈഡ് ഹെൽത്ത് സയൻസ്, പാരാ മെഡിക്കൽ കേഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.
EXCELLENT RESULTS IN UNIVERSITY EXAMINATIONS
B.Sc നേഴ്സിംഗ്
GNM (ജനറൽ നേഴ്സിംഗ്)
B.Sc OPTOMETRY
B.Sc RENAL DIALYSIS
B.Sc OT &AT OPERATION THEATER & ANESTHESIA TECH.
B.Sc MLT MEDICAL LABORATORY TECH.
B.Sc MIT MEDICAL IMAGING TECH.
DIPLOMA IN OPTOMETRY | RENAL DIALYSIS | MIT | MLT | OT & AT
PG DIPLOMA IN COUNSELLING & GUIDANCE (RGUHS)
25 വർഷത്തെ സേവന പാരമ്പര്യം
90359 03999, 80886 96281
ഹോസ്പിറ്റലും കോളേജും നേരിൽകണ്ട് അഡ്മിഷൻ എടുക്കുവാനുള്ള അവസരം !
Campus: Kumbalgodu Main Road, Off Kanakapura Road, Tataguni Post, Bangalore - 560 082 www.abhayagroup.com
C2604-589885

റിയൽ എസ്റ്റേറ്റ്

വീട്, സ്ഥലം ആവശ്യമുണ്ട്
KERALA's NO.1 റിയൽ എസ്റ്റേറ്റ് പോർട്ടലായ realkairali.com ന് വിദേശ മലയാളികൾക്കായി സ്ഥലങ്ങൾ,വീടുകൾ, ഫ്ലാറ്റുകൾ, വില്ല, ഫ്ളാറ്റ്, ബിൽഡിങ്, എസ്റ്റേറ്റ് ഇടനിലക്കാരില്ലാതെ ആവശ്യമുണ്ട്.
8086 00 24 24
Z2604-590298

NAME CHANGE
I, LALITHAMMA RAJENDRAN, Passport holder No.E7966297 residing at Valiyaveettil, Kumarakom P.O, Kottayam do hereby change my name to LALITHAMMA THENGANAKUZHIYIL NARAYANAN.

PASSPORT LOST
I, SUDHEER VAYARODITHARA NARAYANAN, presently residing at Vayarodithara, Kudavechoor P.O, Vaikom, Kottayam has lost my Passport No:H0833238 issued at Cochin, is lost at Kallara. Those who get the Passport please inform the nearest Police Station or contact me on the address given above.
K2604-590459

Change of Name
I, GRACAMMA MATHEW, as per Indian Passport No. E4544847, residing at Panachikattu House, Mallikassery P.O, Kottayam, Pin-686577, do hereby change my name as GRACY MATHEW.
K2604-590428

വായനക്കാർ ശ്രദ്ധിക്കാൻ
ഈ ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങളെപ്പറ്റി വേണ്ടത്ര അന്വേഷണം നടത്തി സത്യസ്ഥിതി ബോധ്യപ്പെട്ടശേഷം മാത്രമേ അവയോടു പ്രതികരിക്കവൂ. നേരിട്ട് അന്വേഷിച്ചശേഷമേ തുടർനടപടികളും പണമിടപാടുകളും നടത്താവൂ എന്ന് വായനക്കാരോട് സവിനയം അഭ്യർഥിക്കുന്നു.

LOST DOCUMENT
My original document No. 48/2025, with Resurvey No. 583/1, registered at Sub Registrar Office, Thiruvattar has been lost irrecoverably. If anyone finds this document, please contact in this number - 9447809758
Dr. Maya James
Cheruvattathu,
Ruby Nagar,
Changanacherry - 686103
K2604-590427

ഭാരതീയ സ്റ്റേറ്റ് ബാങ്ക്
RASMEC, രണ്ടാം നില, മാരറ്റ് സ്വേഴ്സ്, പാലസ് റോഡ്, ചങ്ങനാശ്ശേരി, കോട്ടയം – 686101
Ph: 0481-2422886, Email: sbi.10724@sbi.co.in
Appendix – II-A [See Proviso to rule 6 (2)]
ജംഗമ വസ്തുവിന്റെ ലേല വിൽപ്പന നോട്ടീസ്
സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക